സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അക്രമങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കേസ്സുകൾ വിചാരണ ചെയ്യുന്നതിലേക്കായി എറണാകുളത്ത് പ്രത്യേക കോടതി ആരംഭിച്ചുകഴിഞ്ഞു. ഇതേ ആവശ്യത്തിനായി തിരുവനന്തപുരത്ത് അനുവദിച്ച കോടതി പ്രാവർത്തികമാക്കാൻ ഹൈക്കോടതി നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ഇത്തരത്തിലൊരു കോടതി ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായി മഞ്ചേരിയിലും മാനന്തവാടിയിലും സ്പെഷ്യൽ കോടതികൾ അനുവദിച്ചു കഴിഞ്ഞു. കൊല്ലത്തും പാലക്കാടും ഇത്തരത്തിലുള്ള കോടതികൾ ആരംഭിക്കുന്നതിനായി ഹൈക്കോടതി നടപടികൾ സ്വീകരിച്ചുവരുന്നു.

സിവിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ

47 (T 7606) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സിവിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേസ്സുകളിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കോടതിച്ചെലവുകൾ, വക്കീൽ ഫീസ് എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത നിയമം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014-ലെ കണക്കനുസരിച്ച് 418881 കേസ്സുകൾ സംസ്ഥാനത്തെ സിവിൽ കോടതികളിൽ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ്കോടതികളിലെ കേസ്സുകളുടെ കാലതാമസം ഒഴിവാക്കാൻ ഹൈക്കോടതി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഓരോ കോടതികളിലെയും കേസ്സുകളുടെ തീർപ്പ് സംബന്ധിച്ച കണക്കുകൾ ദിനംപ്രതി അവലോകനം ചെയ്തുവരുന്നു. സിവിൽ കോടതികളിൽ കേസ്സുകൾ അടുത്തടുത്ത ദിവസങ്ങളിൽ തീർപ്പാക്കുന്നതുവരെ വിചാരണ നടത്തുന്ന 'സ്പെഷ്യൽ ലിസ്റ്റ് സിസ്റ്റം' ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ സിവിൽ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ന്യായാധിപന്മാരുടെ ഒഴിവുകൾ യഥാക്രമം നികത്തുന്നതിനും കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കീഴ്കോടതികളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ പുതിയ നിയമം കൊണ്ടുവരുന്നകാര്യം പരിഗണനയിലില്ല. അഡ്വക്കേറ്റുമാരുടെ ഫീസ് സംബന്ധിച്ച് 1969-ലെ 'Rules Regarding Fees payable to Advocates' നിയമവും കോടതി ചെലവ് സംബന്ധിച്ച് Code of Civil Procedure 1908, Civil Rules of Practice, Kerala എന്നിവയിൽ ആവശ്യമായ ചട്ടങ്ങളുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly